# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 3992 — 27.06.2012ൽ മറുപടിയ്ക്ക്

## ജലസ്രോതസ്സുകളെ സംരക്ഷിക്കാൻ നടപടി

ചോദ്യം : ശ്രീമതി കെ. കെ. ലതിക

ഉത്തരം: ശ്രീ.പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി)

(എ) ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും ജലലഭ്യത വർദ്ധിപ്പിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

(എ) സംസ്ഥാനത്തെ കുളങ്ങളുടെയും ടാങ്കുകളുടെയും നവീകരണത്തിനായി പതിമൂന്നാം ധനകാര്യകമ്മീഷനിൽ ഉൾപ്പെടുത്തി 2011-15 കാലയളവിലേക്കായി 50 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി 2011-13-ൽ നവീകരണത്തിനായി 103 കുളങ്ങളാണ് തെരഞ്ഞെടുത്തിട്ടുള്ളത്. ഇതിന്റെ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിച്ച് നദികളുടെ സംരക്ഷണം ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു.

2010-11 സാമ്പത്തിക വർഷത്തിലെ പ്ലാൻ പ്രൊപ്പോസലിൽ കുളങ്ങളുടെ നവീകരണത്തിനായി 28.22 കോടി രൂപ ഉൾപ്പെടുത്തിയിരുന്നു. 28.22 കോടി രൂപയ്ക്ക് 165 കുളങ്ങളുടെ നവീകരണത്തിനായി ഭരണാനുമതിയും ലഭിച്ചിരുന്നു. ഇതിന്റെ പ്രവൃത്തികൾ ആരംഭിക്കുകയും 82 കുളങ്ങളുടെ പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തു.

2011-12 സാമ്പത്തിക വർഷത്തിൽ കുളങ്ങളുടെ നവീകരണത്തിനായി അനുവദിച്ച 10 കോടി രൂപയിൽ 6.05 കോടി രൂപ പാലക്കാട് ജില്ലയിലെ കുളങ്ങൾ തമ്മിൽ ബന്ധിപ്പിച്ച് ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതിന് മാറ്റി വച്ചിരുന്നു. പ്രസ്തുത പദ്ധതിയ്ക്കായി 5.99 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചു കഴിഞ്ഞു. പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി ക്രമങ്ങൾ നടന്നു വരുന്നു.

2012-13-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ഒരു പഞ്ചായത്തിലെ ഒരു കുളം വീതം നവീകരിക്കുന്നതിന് 47 കോടി രൂപ നീക്കി വച്ചതായി പ്രഖ്യാപിച്ചിട്ടുണ്ട്. കൂടാതെ 35 കോടി രൂപ ടാങ്കുകളുടെ നവീകരണത്തിനായി അനുവദിച്ചിട്ടുണ്ട്. ഇതിന്റെ പദ്ധതി തയ്യാറാക്കി സർക്കാരിന് സമർപ്പിക്കാനുള്ള നടപടി ക്രമങ്ങൾ നടന്നു വരുന്നു.

പതിമൂന്നാം ധനകാര്യകമ്മീഷനിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച 50 കോടി രൂപയിൽ 2013-15 വർഷങ്ങളിൽ നവീകരിക്കേണ്ട കുളങ്ങൾ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

ജലസ്രോതസ്സുകളിൽ ജലലഭ്യത വർദ്ധിപ്പിക്കുന്നതിന് വേണ്ടി പുഴയിൽ വേനൽക്കാലങ്ങളിൽ താത്ക്കാലിക തടയണകൾ നിർമ്മിക്കാറുണ്ട്. കൂടാതെ അടിഞ്ഞുകൂടിയിരിക്കുന്ന ചെളിയും മറ്റും സ്രോതസ്സുകളിൽ നിന്നും നീക്കിയും ജലലഭ്യത വർദ്ധിപ്പിക്കാറുണ്ട്.

നദികളുടെയും തണ്ണീർത്തടങ്ങളുടെയും സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി സമഗ്രമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനു വേണ്ടി റിവർ ബെയ്സിൻ ബോർഡും, വെറ്റ് ലാന്റ് ഡെവലപ്പ്മെന്റ് ബോർഡും, സ്റ്റേറ്റ് റിവർ ആന്റ് വെറ്റ് ലാന്റ് അതോറിറ്റിയും രൂപീകരിക്കുവാനുള്ള വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ കേരള ജലസേചന ജലസംരക്ഷണ ഭേദഗതി ഓർഡിനൻസിൽ പ്രതിപാദിച്ചിട്ടുണ്ട്. ഈ ഓർഡിനൻസ് പുതുക്കി ഇറക്കേണ്ടതായിട്ടുണ്ട്.

| | |
|---|---|
| (ബി) വ്യക്തികൾക്കും സന്നദ്ധ സംഘടനകൾക്കും ഈ പ്രവർത്തനങ്ങളിൽ പങ്കാളിത്തവും സാമ്പത്തിക സഹായവും അനുവദിച്ചു വരുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ? | (ബി) ബോധവൽക്കരണ സെമിനാറുകൾ, വർക്കുഷോപ്പുകൾ, യോഗങ്ങൾ എന്നിവ സംഘടിപ്പിക്കുന്നതിന് സന്നദ്ധ സംഘടനകൾക്ക് സാമ്പത്തികവും, സാങ്കേതികവുമായ സഹായവും മലിനീകരണനിയന്ത്രണ ബോർഡിൽ നിന്ന് ലഭ്യമാക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ